# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1334.

06-03-2020 ൽ മറുപടിയ്ക്ക്

## നെൽകർഷകർക്ക് റോയൽറ്റി

**ചോദ്യം**

ശ്രീമതി. പി. അയിഷാ പോറ്റി

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) നെൽകർഷകർക്കായി റോയൽറ്റി നടപ്പിലാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) പരിസ്ഥിതി സംരക്ഷണത്തിൽ നെൽ വയലുകളുടെ പ്രാധാന്യം കണക്കിലെടുത്ത് കൃഷി ചെയ്യുന്ന നെൽ വയൽ ഉടമസ്ഥർക്ക് റോയൽറ്റി നൽകുന്നതിനായി തുടക്കമെന്ന നിലയിൽ 40 കോടി രൂപയാണ് 2020-21 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ നീക്കിവെച്ചിരിക്കുന്നത്. ഹെക്ടറിന് 2,000/- (രണ്ടായിരം) രൂപ നിരക്കിലാണ് റോയൽറ്റി നൽകുന്നത്. ഈ പദ്ധതിയിലൂടെ 2 ലക്ഷം ഹെക്ടർ നെൽവയലിന്റെ ഉടമസ്ഥർക്ക് റോയൽറ്റി നൽകുന്നതിന് സാധിക്കുന്നതാണ്. |
| (ബി) നെല്ലിന്റെ സംഭരണ വില കാലതാമസമില്ലാതെ കർഷകർക്ക് ലഭ്യമാക്കാൻ സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ; | (ബി) കർഷകരിൽ നിന്നും സപ്ലൈകോ സംഭരിക്കുന്ന നെല്ലിന്റെ വില കാലതാമസം കൂടാതെ ലഭ്യമാകുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് പി.ആർ.എസ് വായ്പാ പദ്ധതി. ഈ പദ്ധതി പ്രകാരം സപ്ലൈകോയുമായി 16 ബാങ്കുകൾ കരാറിൽ ഏർപ്പെടുകയും പി.ആർ.എസ് തുക വായ്പയായി കർഷകർക്ക് നൽകി വരികയും ചെയ്യുന്നു. വായ്പയുടെ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് വായ്പാ തുക പലിശ സഹിതം സപ്ലൈകോ ബാങ്കിൽ അടച്ച് വായ്പാ ബാദ്ധ്യത തീർക്കുന്ന പദ്ധതിയാണിത്. 2019-20 സീസണിൽ 2.26 മെട്രിക് ടൺ നെല്ലാണ് നാളിതുവരെ കർഷകരിൽ നിന്ന് സംഭരിച്ചിട്ടുള്ളത്. ആയതിന്റെ തുകയായ 611.26 കോടി രൂപയിൽ 376.88 കോടി രൂപ പി.ആർ.എസ് വായ്പയായും 1.37 കോടി രൂപ |

| | | | |
|---|---|---|---|
| | | | ഡയറക്ട് പെയ്മെന്റായും സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള വിവിധ ബാങ്കുകളിലൂടെ കർഷകർക്ക് നൽകി കഴിഞ്ഞു. ബാക്കി തുകയായി ഇനി നൽകുവാൻ ഉള്ളത് 233 കോടി രൂപയാണ്. 2018-19 സീസണിൽ പി.ആർ.എസ് വായ്പാ ഇനത്തിൽ കർഷകർക്ക് നൽകിയ തുകയായ 1712.83 കോടി രൂപയിൽ 375.87 കോടി രൂപ നാളിതുവരെ തിരിച്ചടവാക്കിയിട്ടുണ്ട്. കേന്ദ്ര ഫണ്ട് ലഭിക്കാനുള്ള കാലതാമസം നേരിട്ടതിനാൽ ബാക്കി തിരിച്ചടവ് തുകയും ആയതിന്റെ പലിശയും തിരിച്ചടയ്ക്കുവാനായി താമസം നേരിട്ടിട്ടുണ്ട്. എന്നിരുന്നാലും പി.ആർ.എസ് വായ്പാ തുക കർഷകർക്ക് സമയബന്ധിതമായി നൽകി വരികയും ആയതിന്റെ തിരിച്ചടവ് തുക ബന്ധപ്പെട്ട ബാങ്കുകൾക്ക് വായ്പാ കാലാവധി കഴിഞ്ഞതിനാൽ പിഴ പലിശ സഹിതം തിരിച്ചടച്ച് കർഷകരുടെ സിബിൽ സ്കോറിനെ ബാധിക്കാതെ വരുന്നതിനുള്ള നടപടികൾ സപ്ലൈകോ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | നെല്ല് സംഭരണത്തിന് ആവശ്യമായ ചട്ടങ്ങൾ രൂപീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ? | (സി) | നെല്ല് സംഭരണത്തിന് ആവശ്യമായ ചട്ടങ്ങൾ രൂപീകരിക്കുന്നതിന് നിലവിൽ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. ഇപ്പോൾ സപ്ലൈകോയുടെ നെല്ല് സംഭരണ വെബ് സൈറ്റിൽ കേന്ദ്ര ഗവൺമെന്റ് മാനദണ്ഡങ്ങൾ അനുസരിച്ച് കർഷകർ പാലിക്കേണ്ട നിർദ്ദേശങ്ങളും നിബന്ധനകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയത് പ്രകാരമാണ് നെല്ല് സംഭരണ പദ്ധതി നടപ്പിലാക്കി വരുന്നത്. |

**സെക്ഷൻ ഓഫീസർ**